# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1497.

05-02-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷിയിലുണ്ടായ പുരോഗതി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്; പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം. സംസ്ഥാനത്ത് 23579 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യുവാൻ സാധിച്ചു. |
| (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന നിറവ് പദ്ധതിയിൽ ഉൾപ്പെട്ടുത്തി എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി 143.23 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു വരുന്നുണ്ട്. |
| (സി) | ഈ വർഷം കയ്പാട് മേഖല ഉൾപ്പെടെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കൂടുതലായി കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. കല്യാശ്ശേരി മണ്ഡലത്തിൽ മുൻ വർഷത്തെക്കാൾ 81 ഹെക്ടർ സ്ഥലത്ത് കൂടുതലായി ഈ വർഷം നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**